**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3375** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയെ തരംമാറ്റാൻ അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ട പാലക്കാട് എലപ്പുള്ളിയിലെ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയെ തരംമാറ്റാൻ ഒയാസിസ് കമ്പനി സർക്കാരിന് അപേക്ഷ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ, എലപ്പുള്ളി -2 വില്ലേജിൽ പ്പെട്ട റീ സർവ്വെ 152/2, 153/1, 153/5, 133/18, 154/2-ൽ പ്പെട്ട 01.6035 ഹെക്ടർ ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ പ്രതിനിധീകരിച്ച് ശ്രീ. ഗോപീകൃഷ്ണൻ, പാലപ്പുറം, ഒറ്റപ്പാലം എന്നയാൾ ഫോറം നം. 5 ൽ പാലക്കാട് ആർ. ഡി. ഒ. യ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നതാണ്. ടി അപേക്ഷയിൽ എലപ്പുള്ളി കൃഷി ഓഫീസറുടെ റിപ്പോർട്ട്, കെ. എസ്. ആർ. ഇ. സി. റിപ്പോർട്ട് എന്നിവ പരിശോധിച്ചും, ആയതിലെ ശിപാർശകൾ പരിഗണിച്ചും, ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിനായുള്ള അപേക്ഷ പാലക്കാട് ആർ. ഡി. ഒ. യുടെ 06.09.2024 തീയതിയിലെ 5475/2024 നമ്പർ (ഓൺ ലൈൻ ഫയൽ 1/2023/1432017) നടപടിക്രമം പ്രകാരം നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്. 24.01.2025 ൽ മേൽ ഉത്തരവിലെ പാരഗ്രാഫ്-4 ൽ വില്ലേജിന്റെ പേര് തെറ്റായത് തിരുത്തി ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഭൂമിയിൽ നിർമ്മാണം അനുവദിക്കില്ലെന്നും കൃഷി ചെയ്യണമെന്നും ആർ.ഡി.ഒ. അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | പ്രസ്തുത ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള നിർദ്ദേശം കക്ഷിക്ക് നൽകുന്നതിനും, അനധികൃതമായി നിർമ്മാണം നടത്തുന്ന പക്ഷം ആയത് റിപ്പോർട്ട് ചെയ്യുന്നതിനും എലപ്പുള്ളി കൃഷി ഓഫീസർക്കും, ആയതിനെതിരെ നടപടിയെടുക്കുന്നതിന് എലപ്പുള്ളി - II വില്ലേജ് ഓഫീസർക്കും മേൽ ഉത്തരവിൽ ആർ. ഡി. ഒ.നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ